**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 894** **10-08-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള ഐ.ടി.എ. കളിൽ ഹ്രസ്വകാല കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള വിവിധ ഐ.ടി.എ. കളിൽ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ ഐ റ്റി ഐകളിൽ കാലോചിതമായ പുതിയ കോഴ്സുകൾ ആരംഭിയ്ക്കുന്നതിനും അതോടൊപ്പം നിലവിൽ പരിശീലനം നൽകുന്ന ട്രേഡുകളിലെ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും നിലവിലെ റഗുലർ പരിശീലനത്തോടൊപ്പം ഹ്രസ്വകാല കോഴ്സുകൾ (Add on courses) സംബന്ധിച്ച് KELTRON Knowledge Centre, Kerala Institute of Welding and Research എന്നീ സ്ഥാപനങ്ങളുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ചു വരികയാണ്. ആയതുപ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ പ്രവർത്തിയ്ക്കുന്ന എങ്കക്കാട് ഐ.റ്റി.ഐ.-ൽ നിലവിൽ പരിശീലനം നൽകിവരുന്ന സർവേയർ എന്ന ദ്വിവത്സര ട്രേഡിനോടൊപ്പം ആർക്കിടെക്ചറൽ ഡ്രാഫ്റ്റ്സ്മാൻ എന്ന ദ്വിവത്സര ട്രേഡും Add on course ആയി GPS Survey, Total Station Survey, AutoCAD എന്നീ കോഴ്സുകൾ കൂടി ആരംഭിയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | വടക്കാഞ്ചേരി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന എങ്കക്കാട് ഐ.റ്റി.ഐ.-ൽ നിലവിൽ പരിശീലനം നൽകിവരുന്ന സർവേയർ എന്ന ദ്വിവത്സര ട്രേഡിനോടൊപ്പം ആർക്കിടെക്ചറൽ ഡ്രാഫ്റ്റ്സ്മാൻ എന്ന ദിവത്സര ട്രേഡും ആഡോൺ കോഴ്സ് ആയി ജി.പി.എസ്. സർവേ, ടോട്ടൽ സ്റ്റേഷൻ സർവ്വേ, ഓട്ടോകാഡ് എന്നീ കോഴ്സുകളും ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ബി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ